പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1984

14.08.2017 ൽ മറുപടിയ്ക്ക്

## ആന്ധ്രയിൽ നിന്നും അരി സംഭരിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി സംഭരിച്ച് നൽകാമെന്ന് ആന്ധ്രാപ്രദേശ് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; | (എ) സപ്ലൈകോക്ക് വേണ്ടി മില്ലുടമകളിൽ നിന്ന് ഇടനിലക്കാരില്ലാതെ അരി ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ചർച്ച നടത്തുകയും ആവശ്യമായ സഹായങ്ങൾ ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടില്ല. |
| (ബി) ആന്ധ്രയിൽ നിന്നും ലഭിക്കുന്ന അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്. |
| (സി) എന്ത് വിലയ്ക്കാണ് പ്രസ്തുത അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (സി) അരിയുടെ വാങ്ങൽ വില, കൈകാര്യ ചെലവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ വിൽപ്പന വില നിശ്ചയിക്കുന്നതാണ്. |
| (ഡി) ആന്ധ്രയിൽ നിന്നും അരി എത്തുന്നതോടുകൂടി, പൊതു കമ്പോളത്തിൽ 50 രൂപക്ക് മുകളിലെത്തിയ അരിവില കുറയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) ആന്ധ്രാ പ്രദേശിൽ നിന്നുള്ള അരിയുടെ ലഭ്യത വർദ്ധിക്കുന്നതോടെ വില കുറയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ